**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 351** **16-09-2025 - ൽ മറുപടിയ്ക്ക്**

**വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എക്സൈസ് റേഞ്ച് ഓഫീസുകൾ ഇല്ലാത്ത താലൂക്കുകൾ ഉണ്ടോ; എങ്കിൽ ഏതെല്ലാം താലൂക്കുകളിലാണ് എക്സൈസ് റെയിഞ്ച് ഓഫീസുകൾ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക് |
| (ബി) | വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസിനും സർക്കിൾ ഓഫീസിനും വേണ്ടി ഭൂമി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. 16.12.2019 ലെ കാഞ്ഞങ്ങാട് സബ്കളക്ടറുടെ E 5797/2016 നമ്പർ ഉത്തര പ്രകാരം എക്സൈസ് വകുപ്പിനായി വെള്ളരിക്കുണ്ട് താലൂക്കിൽ ബളാൽ വില്ലേജിൽ റീ സർവേ നമ്പർ 112/11 A1 ൽ പ്പെട്ട 0.0407 acres സ്ഥലം ലഭ്യമായിട്ടുണ്ട്. അതോടൊപ്പം വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് സർക്കിൾ ഓഫീസിനായി കാസർഗോഡ് ജില്ലാ കളക്ടറുടെ 28.02.2019 തീയതിയിലെ സി1-334/2019 ഉത്തരവ് പ്രകാരം പരപ്പ വില്ലേജിൽ റീ സർവേ നമ്പർ 155 ൽ 30 സെ സ്ഥലവും ലഭ്യമായിട്ടുണ്ട്. |
| (സി) | വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ? | (സി) | വെള്ളരിക്കുണ്ട് ഉൾപ്പെടെ 17 പുതിയ എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാറ്റി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ